**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *381 15.07.2015 ലെ മറുപടിക്ക്

**<u>പട്ടികജാതിവിഭാഗങ്ങൾക്ക് അനുവദിച്ച വീടുകൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.പി.ടി.എ.റഹീം** | | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | വീടില്ലാത്ത പട്ടികജാതി വിഭാഗങ്ങൾക്ക് 2014-15 വർഷം അനുവദിച്ച 4500 വീടുകളിൽ കേവലം 15% (689 വീടുകൾ) മാത്രം പൂർത്തീകരിക്കാൻ സാധിച്ചതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മുൻവർഷങ്ങളിൽ അനുവദിച്ച വീടുകളിലും പകുതിയോളം ഇതുവരെ പൂർത്തിയാകാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (ബി) | ഭവന നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവ്, തൊഴിൽ കൂലിയിൽ ഉള്ള വർദ്ധനവ്, സാധനങ്ങൾ പണിസ്ഥലത്ത് എത്തിക്കുവാനുള്ള കയറ്റി ഇറക്ക് കൂലി, ഗുണഭോക്താക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ, നിർമ്മാണ സാമഗ്രികളുടെ (പാറ, മെറ്റൽ, മണൽ) ദൗർലഭ്യം, കാലാവസ്ഥാ വ്യതിയാനം (മഴ, ജല ദൗർലഭ്യം) എന്നിവ കാരണമാണ് വീടുകളുടെ പണി പൂർത്തീകരിക്കുവാൻ സാധിക്കാത്തത്. ഈ പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ളതിനെക്കാൾ കൂടുതൽ വീടുകൾ നിർമ്മിക്കുന്നതു കാരണവും യഥാസമയം പണി പൂർത്തീകരിക്കുവാൻ സാധിക്കാതെ വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഗുരുതരമായ ഈ പ്രതിസന്ധി പരിഹരിക്കാൻ അധിക ധനസഹായം അനുവദിക്കാനോ, കെട്ടിട നിർമ്മാണ സാമഗ്രികൾ സബ് സിഡിയോടു കൂടി വിതരണം ചെയ്യാനോ തയ്യാറാകുമോ? | (സി) | ഭവന നിർമ്മാണത്തിനായി അനുവദിക്കുന്ന ധനസഹായം 3 ലക്ഷം രൂപയായി ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. 2007-08 മുതൽ 2013-14 വരെയുള്ള കാലയളവിൽ ഭവനനിർമ്മാണ ധനസഹായം അനുവദിച്ചവരിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്ത ഗുണ ഭോക്താക്കൾക്ക് അവരുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനു വേണ്ടി അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിൽ അനുവദിക്കുന്നതിന് 04.08.2014-ൽ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ